135

**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 135**

**25.04.2017-ൽ മറുപടിക്ക്**

**ജിഷ്ണു പ്രണോയ് യുടെ ദുരൂഹ മരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ.കെ.വിജയൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| ജിഷ്ണു പ്രണോയ് യുടെ ദുരൂഹ മരണത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണവുമായി ബന്ധപ്പെട്ട് പഴയന്നൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം നം. 19/17 കേസിന്റെ അന്വേഷണത്തിനായി സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് നം. D5/6117/2017/PHQ dated 11/01/2017 പ്രകാരം ശ്രീമതി കിരൺ നാരായൺ ഐ.പി.എസ്.ന്റെ കീഴിൽ പ്രത്യേക സംഘത്തെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കേസിന്റെ വാദത്തിനായി അഡ്വക്കേറ്റ് സി.പി. ഉദയഭാനുവിനെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി സ.ഉ.(സാധാ) നം. 440/17/ആഭ്യന്തരം തീയതി 21/02/2017 പ്രകാരം നിയമിച്ചിട്ടുണ്ട്. പ്രതികളുടെ പേരിൽ Look Out Circular പുറപ്പെടുവിക്കുകയും പ്രതികളെ കണ്ടെത്തുന്നതിന് പത്രപരസ്യം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു. പ്രതികളുടെ പേരിൽ Wanted Notice പതിച്ച് പ്രസിദ്ധപ്പെടുത്തി. പ്രതികളെ പിടിക്കാൻ സഹായിക്കുന്നവർക്ക് പാരിതോഷികം പ്രഖ്യാപിച്ചു. പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും മറ്റുമായി സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം തൃശ്ശൂർ റൂറൽ ജില്ലാ പോലീസ് മേധാവിയെ ഉൾപ്പെടുത്തി വിവിധ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്.<br><br>കേസിലെ അഞ്ച് പ്രതികളിൽ 3-ാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ബാക്കിയുള്ള 4 പ്രതികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും മുൻകൂർ ജാമ്യം നേടി. കേസിലെ ഒന്നാം പ്രതിയായ കൃഷ്ണദാസിന് മുൻകൂർ ജാമ്യം അനുവദിച്ചതിനെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ടി അപ്പീൽ അപേക്ഷ ബഹുമാനപ്പെട്ട കോടതി നിരസിക്കുകയുണ്ടായി.<br><br>ജിഷ്ണു പ്രണോയിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്ത് ലക്ഷം രൂപ 12/01/2017ലെ ജി.ഒ.(എം.എസ്.) നമ്പർ 15/2017/റവ പ്രകാരം അനുവദിച്ചിട്ടുണ്ട്. |

Deepa

**സെക്ഷൻ ഓഫീസർ**